# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 155 | 09.06.2014-ൽ മറുപടിയ്ക്ക്

### അമിത പലിശ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി.കെ. സദാശിവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അമിത പലിശ ഈടാക്കൽ നിരോധന നിയമം നിലവിൽ വന്നതിനുശേഷവും ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം സജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം നിലവിൽ വന്നതിനുശേഷം അതിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) പ്രസ്തുത നിയമം നിലവിൽ വന്നതിനുശേഷം അതിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് 1723 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകൾ അന്വേഷണത്തിലും, കോടതി വിചാരണയിലുമാണ്. ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. |
| (സി) നിയമം നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) നിയമം നടപ്പാക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല. |
| (ഡി) കടം വാങ്ങിയ പണത്തിന്റെ അധിക പലിശ നൽകാൻ വൈകിയ ശ്യാം എന്ന യുവാവിനെ കോഴിക്കോട്ട് കാറിടിച്ച് കൊല്ലാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബ്ലേഡ് പലിശക്കാരൻ കൊലചെയ്യപ്പെടുകയോ ആത്മഹത്യ ചെയ്യുന്നതിനിടയായതോ ആയ എത്ര കേസുകൾ ഉണ്ടെന്ന് വിശദമാക്കാമോ? | (ഡി) കോഴിക്കോട് ജില്ലയിൽ ശ്യാം എന്ന യുവാവിനെ കാറിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്ലേഡ് പലിശക്കാരൻ കൊലചെയ്യപ്പെടുകയോ ആത്മഹത്യ ചെയ്യുന്നതിന് ഇടയായതായോ ബന്ധപ്പെട്ട് സംസ്ഥാനത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ